# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3411 　　　　19/10/2016 -ൽ മറുപടിക്ക്

## ശ്രീ. ടി.വി.ശിവഷാജന്റെ കുടുംബത്തിന് ഇൻഷ്വറൻസ് ആനുകൂല്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.ഡി.ദേവസ്സി | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കൃത്യ നിർവ്വഹണത്തിനായുള്ള യാത്രയ്ക്കിടെ വാഹനാപകടത്തിൽ 20/11/15 ൽ മരണമടഞ്ഞ, കേരള വാട്ടർ അതോറിറ്റി ചാലക്കുടി സെക്ഷൻ ഓഫീസിന് കീഴിൽ 'ഹെഡ്സ് ഫിറ്റർ' തസ്തികയിൽ ചുമതല വഹിച്ചിരുന്ന ശ്രീ.ടി.വി ശിവഷാജന്റെ കുടുംബത്തിന് ലഭിക്കേണ്ട ഇൻഷ്വറൻസ് ആനുകൂല്യം നാളിതുവരെ നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത ആനുകൂല്യം നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; | (ബി) പ്രീമിയം തുക അടയ്ക്കുന്നതിന് വീഴ്ച സംഭവിച്ചതിനാൽ ക്ലെയിം പരിഗണിക്കുവാൻ സാധിക്കുകയില്ല എന്ന് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ 26/5/2016-ലെ കത്ത് മുഖേന കേരള വാട്ടർ അതോറിറ്റിയെ അറിയിച്ചിട്ടുണ്ട്. |
| (സി) ശ്രീ. ശിവഷാജന്റെ ഭാര്യ ശ്രീമതി രേഖമോൾക്ക് പ്രസ്തുത ആനുകൂല്യം ലഭ്യമാക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ; | (സി) പ്രസ്തുത തുക ലഭിക്കുന്നതിന് മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കണമെന്ന് ഇൻഷ്വറൻസ് വകുപ്പിനോട് കേരള വാട്ടർ അതോറിറ്റി ഇരിങ്ങാലക്കുട എക്സിക്യൂട്ടീവ് എഞ്ചിനീയർ 23/5/2016-ലെ കത്തു പ്രകാരം അഭ്യർത്ഥിച്ചിരിക്കുകയാണ്. |
| (ഡി) ഇവർക്ക് ആശ്രിത നിയമനം ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) ആശ്രിത നിയമനത്തിനായി സമർപ്പിച്ച അപേക്ഷ കൊച്ചി മധ്യമേഖലാ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ

JSK/